**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 901** **02-02-2026 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മണ്ണഴി-കോട്ടപ്പുറം, മൂർദ്ധാവ് എന്നീ പട്ടികജാതി നഗറുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ; ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | മണ്ണഴി-കോട്ടപ്പുറം ഉന്നതി നവീകരണത്തിൽ ആകെ 38 വീട്ടുകൾ നവീകരിക്കുന്നതിൽ ഏഴ് എണ്ണം 90%, രണ്ടെണ്ണം 50% പൂർത്തിയായിട്ടുണ്ട്. പുതിയതായി ഒരു ടോയ്‌ലറ്റ് നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല. റോഡ് & ഫുട്പാത്ത് 130m/150m ഫോർമേഷൻ പൂർത്തിയായി. സൈഡ് പ്രൊട്ടക്ഷൻ വർക്ക് 50 ശതമാനം പൂർത്തീകരിച്ചു. റീറ്റെയ്നിങ് വാൾ 60% പൂർത്തിയായി. മൂർദ്ധാവ് നഗറിന്റെ എസ്റ്റിമേറ്റ് എത്രയും വേഗം ലഭ്യമാക്കുന്നതിന് നിർവഹണ ഏജൻസിക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2025-26 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | കോട്ടക്കൽ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ അർഹതയുള്ളതുമായ നഗറുകളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത നഗറുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇരിമ്പിളിയം പഞ്ചായത്തിലെ കൊടലോടിപ്പറമ്പ്, നെല്ലിയാന്മാരിൽ കണക്കകാവ് നഗറുകൾ എടയൂർ പഞ്ചായത്തിലെ മനക്കൽപ്പടി, കുറ്റിപ്പുറം പഞ്ചായത്തിലെ ചെനക്കപ്പറമ്പ് ഊരോത്ത് പള്ളിയാലിൽ നഗർ എന്നിവയാണ് പ്രസ്തുത മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ അർഹതയുള്ളതുമായ നഗറുകൾ. എം.എൽ.എ. ശിപാർശ ചെയ്യുന്ന പക്ഷം ടി നഗറുകളെ അടുത്ത സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ